# ഗോപുമോനും സൈമണ്ട്സും പിന്നെ ചാത്തന്മാരും

അനിൽ P T മണ്ണാർക്കാട്

T20 ലോകകപ്പ് നേടിയെടുത്ത ആവേശം തണുക്കും മുമ്പ് ആസ്ട്രേലിയൻ തിരമാലകൾ ഇന്ത്യൻ കരയിൽ സുനാമി വിതക്കാൻ തുടങ്ങി. ആദ്യ മത്സരത്തിൽ മഴ ദൈവങ്ങൾ തുണച്ചതു കൊണ്ട് മത്സരം സമനിലയിലായി. പക്ഷെ രണ്ടാമത്തെയും മൂന്നാമത്തെയും മത്സരങ്ങളിൽ ഇന്ത്യയെ നിലം തൊടീക്കാതെ ആസ്ട്രേലിയ വിജയം കൊയ്തു. നാലാം മത്സരത്തിൽ പൊരുതി വിജയം നേടി ഇന്ത്യ ശക്തമായി തിരിച്ചു വന്നു എന്നു തോന്നിച്ചു. പക്ഷെ ബറോഡയിൽ ഇന്ത്യയെ കാത്തിരുന്നതു ജീവനാശം തന്നെയായിരുന്നു. മനോഹരമായ ബാറ്റിങ്ങ് പിച്ചിൽ ഇന്ത്യ നേടിയത് 148 റൺസ്. ഗിൽക്രിസ്റ്റിനു ഒന്നു മണപ്പിക്കാൻ പോലും തികഞ്ഞില്ല.

അഞ്ചാം ഏകദിനം കഴിഞ്ഞ് ഇന്ത്യൻ ടീം ഹോട്ടലിൽ കുലംകഷമായ ചർച്ചയിൽ ഏർപ്പെട്ടു. ആസ്ട്രേലിയ ശക്തരാണു എന്നതു നഗ്നമായ സത്യം. പക്ഷെ എങ്ങനെയെങ്കിലും കളി ജയിച്ചേ പറ്റു. ഇല്ലേൽ തലയിലെടുത്ത് വെച്ച അതേ നാട്ടുകാർ തന്നെ ചവിട്ടിക്കൂട്ടും. പ്രശ്നങ്ങൾ പലതാണു. മൂന്ന് മുൻ ദൈവങ്ങളുടെ ഭാവി തുലാസിലാണു. ഫീൽഡിൽ ഇഴഞ്ഞു നീങ്ങുന്ന ഇവരെ പുറത്താക്കണം എന്നു പല ഭാഗത്തു നിന്നും മുറവിളി ഉയർന്നു കഴിഞ്ഞിരിക്കുന്നു. ചെറുപ്പക്കാർ ആണെങ്കിൽ T20 കഴിഞ്ഞ് 50 ഓവർ മൂഡിൽ ഇതു വരെ എത്തിയിട്ടില്ല. ഫോം അല്ലാതിരുന്ന ഹേയ്ഡനെയും സൈമണ്ട്സിനേയും ഗോപുമോൻ തെറി വിളിച്ചു ആവേശം കയറ്റി. വിനാശകാലേ വിപരീത ബുദ്ധി എന്നല്ലാതെ എന്തു പറയാൻ...

നേരെ ചൊവ്വെ കളിച്ചു ആസ്ട്രേലിയയെ തോൽപ്പിക്കാൻ ഈ ജന്മം സാധിക്കില്ല എന്ന് ഉറപ്പുണ്ട്. ആവശ്യത്തിനും അനാവശ്യത്തിനും വായിട്ടലക്കുന്ന ഗോപുമോൻ തന്നെ ഒരു solution കൊണ്ടു വന്നു. “അന്ന് ഞാൻ കൊച്ചി ക്രിക്കറ്റ് ടീമിൽ കയറാൻ വേണ്ടി

കഷ്ടപ്പെടുന്ന കാലം. പലരെയും കൊണ്ടു recommend ചെയ്യിച്ചു നോക്കി. ഒരു രക്ഷയും ഇല്ല. 15 അംഗ ടീമിൽ പോലും സ്ഥാനമില്ല. അപ്പൊഴാണു സ്ഥിരം പൂജയുമായി കഴിയുന്ന അമ്മ ചാത്തന്മാരെ പറ്റി പറഞ്ഞത്. നേരെ സ്ഥലത്തെ പ്രധാന മന്ത്രവാദിയുടെ അടുത്തേക്കു വെച്ചു പിടിപ്പിച്ചു. രണ്ട് തകിട് ജപിച്ചു തന്നു. അന്നു തുടങ്ങിയ ഭാഗ്യം ആണു. ഇന്ത്യൻ ടീമിൽ വരെയെത്തി. ” ഒറ്റ ശ്വാസത്തിൽ ഗോപുമോൻ പറഞ്ഞു നിർത്തിയപ്പോൾ എല്ലാവരും മുഖത്തോടു മുഖം നോക്കി.

ഇടക്കിടക്കു free time കിട്ടുമ്പോൾ ഗോപുമോൻ ഇതു പോലെ പല ലോകവിവരങ്ങളും ധോനിക്കു പകർന്നു കൊടുക്കാറുണ്ട്. വൈര്യുധ്യാത്മക ഭൗതീക വാദം, വരട്ടു തത്വ വാദം തുടങ്ങിയ സംഭവങ്ങൾ ധോനിയെ പറഞ്ഞു മനസ്സിലാക്കാൻ ഗോപുമോൻ ഒരു പാടു കഷ്ടപ്പെട്ടിട്ടുണ്ട്. അവസാനം സഹി കെട്ടാണു കൊച്ചിയിൽ വെച്ച് ധോനി ഗോപുമോൻെറ തലക്ക് ഒരു അടി കൊടുത്തത്. ഗോപുമോനെ ഉന്നം വെച്ചു ഉന്നം വെച്ചു പല കളിക്കാരുടെയും straight drive നന്നായി എന്നതും സത്യം.

ഗോപുമോൻ പറഞ്ഞതിൽ കാര്യമുണ്ടെന്നു ഗാംഗുലിയും അഭിപ്രായപ്പെട്ടു. പണ്ട് ടീമിൽ നിന്നു പുറത്തായ സമയത്ത് താനും രഹസ്യമായി കേരളത്തിലെ ഒന്നു രണ്ടു മന്ത്രവാദികളെ കണ്ടിട്ടുണ്ടെന്നും അതാണു തൻെറ തിരിച്ചു വരവിൻെറ പിൻബലം എന്നും ഗാംഗുലി കാച്ചി. മാത്രമല്ല ദ്രാവിഡും ഈ അടുത്ത് തൻെറ കയ്യിൽ നിന്നും അവരുടെ അഡ്രസ്സ് വാങ്ങിയിട്ടുണ്ടെന്നും ഗാംഗുലി വെളിപ്പെടുത്തി.

കേരളബന്ധം ഉള്ളതു കൊണ്ട് ഉത്തപ്പക്കും മന്ത്രവാദികളെയും ചാത്തന്മാരെയും ഇഷ്ടമാണു. എന്നാലും ഒരു സംശയം. അതു തുറന്നു ചോദിക്കുകയും ചെയ്തു. “അല്ലാ, നമ്മൾ തോൽക്കാൻ കാരണം എന്താ?”. ഉടൻ ഗോപുമോൻ മറുപടി കൊടുത്തു. “വിഘടന വാദികളുടെയും പ്രതിക്രിയാവാദികളുടെയും ഇടയിൽ ഒരു അന്തർധാര ഉരുത്തിരിഞ്ഞു വന്നതാണു നമ്മൾ തോൽക്കാൻ കാരണം”. ഉത്തപ്പ, കുമാരസ്വാമി പറ്റിച്ച യെദിയൂരപ്പയെ പോലെ അന്തം വിട്ട് നിന്നു പോയി.

പക്ഷെ സചിൻ ഉടൻ ഉടക്കുമായി വന്നു. മന്ത്രവാദികളും ചാത്തന്മാരും ഒക്കെ വെറും തട്ടിപ്പ് ആണെന്നു സചിൻ പ്രഖ്യാപിച്ചു. അല്ലെങ്കിലും സചിനു പ്രശ്നം ഒന്നുമില്ല. ടീമിൽ നിന്നു പുറത്തായാലും അടുത്ത ഉത്രട്ടാതി വള്ളം കളിക്ക് തുഴച്ചിൽക്കാരനായി കാവാലം ചുണ്ടൻ കൊടുത്തിട്ടുള്ള offer ഉള്ളതു കൊണ്ട് ജീവിച്ചു പോകാം. (Bret Leeയുടെ

പന്തിൽ സചിൻ കിടന്ന് തുഴയുന്നതു കണ്ട് നാലു ചുണ്ടൻ വള്ളക്കാരാണു ഓഫ്ഫറുമായി സചിനെ സമീപിച്ചത്. അവസാനം നറുക്കു വീണത് കാവാലം ചുണ്ടനു!!!!!)

മണിക്കൂറുകൾ നീണ്ട ചർച്ചക്കൊടുവിൽ ചാത്തൻ തന്നെ രക്ഷ എന്ന തീരുമാനത്തിലെത്തിച്ചേർന്നു. ഗോപുമോൻ ഉടൻ തന്നെ മനോരമയെ വിളിച്ചു. ഗോപുമോൻെറ തലതൊട്ടപ്പനായ മനോരമ ഉടൻ തന്നെ എല്ലാവർക്കും തകിട്, ചരട്, ഏലസ്സ്, രക്ഷ എന്നിവ എത്തിച്ചു കൊടുത്തു. പോരാഞ്ഞിട്ട് ഒന്നു രണ്ട് ചാത്തൻ, മറുത, മാടൻ, ചാമുണ്ടി, പടുവൻ, ഗുളികൻ എന്നിവരെ ഓസീസ് പാളയത്തിലേക്ക് അയക്കാനുള്ള ഏർപ്പാടും ചെയ്തു. ഗോപുമോനോട് മനോരമക്കുള്ള സ്നേഹം കണ്ടാൽ ആളുകൾക്ക് പല സംശയങ്ങളും തോന്നിപ്പോകും.

അങ്ങനെ നാഗ്പൂരിൽ ആറാം ഏകദിനം എത്തി. തുടക്കത്തിൽ തപ്പിത്തടഞ്ഞെങ്കിലും middle overs ഇന്ത്യ പിടിമുറുക്കി. ഒരിക്കൽക്കൂടി സൈമണ്ട്സ് കളിയുടെ നിയന്ത്രണം ഏറ്റെടുത്ത് 318 എന്ന ഭീകര ലക്ഷ്യത്തിൽ എത്തിച്ചു. പതിവു പോലെ ഗോപുമോൻെറ പന്തുകൾ ഗ്രൗണ്ടിൻെറ എല്ലാ മൂലയിലും എത്തി. ചാത്തന്മാർ ചതിക്കുമോന്ന് ഇടക്കിടെ ധോനിയും സചിനും ഗോപുമോനോടു ചോദിക്കുന്നുണ്ടായിരുന്നു. യെദിയൂരപ്പയുടെ ഗതി നമുക്കും വരുമോ എന്ന പേടി ദ്രാവിഡിനും ഉണ്ടായിരുന്നു. പക്ഷെ മന്ത്രവാദി കരിംകോഴി, കാട്ടുപൂച്ച എന്നിവരെയെല്ലാം അറും കൊല ചെയ്ത് ചാത്തനെ തൃപ്തിപ്പെടുത്തിയതാണെന്നും ഒന്നും പേടിക്കണ്ടെന്നും ഗോപുമോൻ ഉറപ്പു കൊടുത്തു.

ഇന്ത്യയുടെ തുടക്കം കണ്ടപ്പോൾ ധോനിക്കും ചാത്തന്മാരിൽ വിശ്വാസം വന്നു തുടങ്ങി. സചിൻെറ മനോഹര ഇന്നിങ്സിനു ശേഷം പതിവു പോലെ തകർച്ച തുടങ്ങി. അവസാനം ഉത്തപ്പ പരമാവധി ശ്രമിച്ചെങ്കിലും വിജയ ദേവത ഇന്ത്യയെ അനുഗ്രഹിച്ചില്ല.

കളി കഴിഞ്ഞ് dressing roomൽ എത്തിയ ഇന്ത്യൻ കളിക്കാർ പരിചയമില്ലാത്ത ഒരാൾ ഇരിക്കുന്നതു കണ്ട് അമ്പരന്നു. “ആരാ??” ധോനി ചോദിച്ചു.

“ഞാൻ ആസ്ട്രേലിയൻ മറുതാ..... സൈമണ്ട്സ് പറഞ്ഞു വിട്ടതാ.....”

അമ്പരന്നു നിന്ന ഇന്ത്യൻ താരങ്ങളോട് റൂമിൻെറ വാതിൽക്കൽ നിന്ന് സൈമണ്ട്സ് പറഞ്ഞു.

“നീയൊക്കെ എന്താ വിചാരിച്ചെ? ചാത്തന്മാർ നിങ്ങളുടെ തറവാട്ടു സ്വത്താണെന്നോ? നല്ലൊന്നാന്തരം മന്ത്രവാദികളും ചാത്തന്മാരും മറുതകളും ഞങ്ങളുടെ നാട്ടിലും ഉണ്ട്...”

ഗോപുമോൻ നാണിച്ചു തല താഴ്ത്തിക്കൊണ്ടു പറഞ്ഞു “മനോരമ ആസ്ട്രേലിയൻ എഡിഷൻ തുടങ്ങിയത് ഞാൻ അറിഞ്ഞില്ല.............”

anilkumarpt@gmail.com

Thanks: Arunkumar P T

The characters in this story are purely imaginary. Resemblance to any living or dead persons or chathans/maruthas are mere coincidence only.